LIBRARY ARCHIVES Kerala Legislative Assembly

ന്യമററിയായിട്ടാണ് നിയമിക്കപ്പെട്ടത്. പ്രസ്തുത നിയമന തീയതിക്കുശേഷം ഇറങ്ങിയ പ്രൊമോഷൻ ഉത്തരവുകൾ വഴിയുണ്ടായ മസ്ദൂർ തസ്തികയിലെ ഒഴിവുകളിൽ ഭൂരിഭാഗംപേരേയും ഉൾക്കൊണ്ടെങ്കിലും നിലവിൽ 132 മസ്ദൂർമാർ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ അനുവദനീയമായ എണ്ണത്തിലുപരി ജോലിചെയ്തുവരുന്നു. കൂടാതെ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ സി.ഇ.എ. റെഗുലേഷൻ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് യോഗ്യതാ പുനർനിർണ്ണയം സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ മസ്ദൂർ തസ്തികയിൽനിന്നും ഉയർന്ന തസ്തികകളിലേയ്ക്ക് സ്ഥാനക്കയറ്റം നൽകാൻ നിലവിൽ നിർവ്വാഹമില്ല. അതിലുപരി കെ.എസ്.ഇ.ബി. ലിമിറ്റഡിൽ സേവനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഓരോ വിഭാഗത്തിന്റേയും ഘടന പുനർനിർണ്ണയം സംബന്ധിച്ച് ഒരു പഠനം ഐ.ഐ.എം. കോഴിക്കോട് നടത്തുകയും ആയതിന്റെ റിപ്പോർട്ട് ബോർഡിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതേത്തുടർന്ന് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പുനഃസംഘടന സംബന്ധിച്ച് വിശദമായ ചർച്ചകൾ പുരോഗമിച്ചുവരുന്നു. ഇതു സംബന്ധിച്ച് തീരുമാനമാകുന്നമുറയ്ക്ക് മാത്രമേ ആവശ്യമായ തസ്തികകൾ, ഇവയിൽ അനുവദനീയമായ ജീവനക്കാരുടെ എണ്ണം എന്നിവ തിട്ടപ്പെടുത്തുവാൻ കഴിയുകയുള്ളൂ. കൂടാതെ കെ.എസ്.ഇ.ബി. ലിമിറ്റഡിലെ പി.എസ്.സി നിയമനങ്ങൾ ഉൾപ്പെടെ വിവിധതരത്തിലുള്ള നിയമനങ്ങളെ സംബന്ധിക്കുന്ന പൊതുവായ സവിശേഷ ചട്ടങ്ങൾ (Special Rules) രൂപവത്കരിക്കുന്നതിലേയ്ക്കായി ഒരു ഉന്നതതല കമ്മിറ്റി ബോർഡ് രൂപീകരിക്കുകയും ഈ കമ്മിറ്റി സമർപ്പിച്ച പൊതുവായ സവിശേഷ ചട്ടങ്ങളുടെ കരട് കൂടുതൽ ചർച്ചകൾക്കും അംഗീകൃത തൊഴിലാളി, ഓഫീസേഴ്സ് സംഘടനകളുടെ നിർദ്ദേശങ്ങൾക്കുമായി നൽകിയിരിക്കുകയാണ്. മേൽ പ്രതിപാദിച്ച വിഷയങ്ങളിൽ തീരുമാനമാകുന്ന മുറയ്ക്ക് മസ്ദൂർ ഉൾപ്പെടെയുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

കക്കയം ഹൈഡൽ ടൂറിസം പദ്ധതി

244 (1974) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കക്കയം ഹൈഡൽ ടൂറിസം പദ്ധതിയുടെ വികസനത്തിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

തയ്യാറാക്കിയിട്ടുണ്ട്. 2016-ലെ നിരക്കിൽ 15.50 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് ലക്ഷ്യമിട്ടിരുന്നത്. ഇതിൽ വ്യൂ പോയിന്റ്, പവലിയൻ, സൈപ്രസ് ഗാർഡൻ, ചിൽഡ്രൻസ് പ്ലേ ഏരിയ, ലാന്റ് സ്കേപ്പിങ്ങ്, പ്ലേ എക്യുപ്മെന്റ്സ്, സോളാർ ഇൻസ്റ്റലേഷൻ, ഡ്രെയിനേജ് ഫെസിലിറ്റി, സോളിഡ് വേസ്റ്റ് മാനേജ്മെന്റ്, ബൊട്ടാണിക്കൽ ഗാർഡൻ തുടങ്ങിയവ ഉൾപ്പെട്ടിട്ടുണ്ട്.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ച ഹൈഡൽ ടൂറിസം പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ടോ?

ഇല്ല

(സി) കക്കയം ഹൈഡൽ ടൂറിസം പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കി അനുമതി നൽകുന്നതിൽ എന്താണ് തടസ്സമെന്ന് അറിയിക്കാമോ?

വനം വകുപ്പുമായി നിലവിലുള്ള വ്യവഹാരവും പദ്ധതി നടത്തിപ്പിനാവശ്യമായ ഫണ്ട് കണ്ടെത്തുന്നതിലുള്ള പ്രയാസവുമാണ് പദ്ധതിക്ക് അനുമതി നൽകുന്നതിനുള്ള തടസ്സങ്ങൾ.

വൈദ്യുതി വിതരണം കാര്യക്ഷമമാക്കാൻ നടപടികൾ

245 (1975) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളത്താൽ ചുറ്റപ്പെട്ട കുട്ടനാടിന്റെ പ്രത്യേകതകൾ പരിഗണിച്ച് കുട്ടനാട്ടിൽ വൈദ്യുതി വിതരണം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളെന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

ആലപ്പുഴ ഇലക്ട്രിക്കൽ സർക്കിളിന്റെ പരിധിയിൽ കുട്ടനാട് ഭാഗത്തെ മങ്കൊമ്പ്, കിടങ്ങറ, കൈനകരി, ചമ്പക്കുളം, എടത്വ, തകഴി എന്നീ സെക്ഷനുകളിലായി KSEBL-ന്റെ ദ്യുതി സ്കീമിൽപ്പെടുത്തി 53.46 കോടി രൂപ വരുന്ന 1016 വർക്കുകൾ ചെയ്യുന്നതിനായി നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൽ ഇതുവരെ 19.34 കോടി രൂപ വരുന്ന 522 വർക്കുകൾ പൂർത്തിയാക്കിയിട്ടുണ്ട്. ദ്യുതി സ്കീമിൽ 2156 കി.മീ 11 കെ.വി കമ്പി മാറ്റുക, 3400 ഓളം പോസ്റ്റുകൾ, ട്രാൻസ്ഫോർമർ സ്റ്റേഷൻ എന്നിവ പുതുക്കുക, പുതിയ 47 കി.മീ. എച്ച്.റ്റി. ലൈൻ, 35 കി.മീ. എൽ.റ്റി ലൈൻ വലിക്കുക, 38 പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുക എന്നിവ കൂടാതെ 46.75 കി.മീ. എച്ച്.റ്റി. എ.ബി.സി., 122.46 എൽ.റ്റി. എ.ബി.സി. എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തിയും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പ്രവൃത്തികൾ പുരോഗമിക്കുന്നു. ഹരിപ്പാട് ഇലക്ട്രിക്കൽ സർക്കിളിന്റെ പരിധിയിൽ ഇലക്ട്രിക്കൽ സെക്ഷൻ ഹരിപ്പാടിന് കീഴിൽ വീയപുരം വിത്തുൽപ്പാദന കേന്ദ്രത്തിന്റെ സമീപത്തായി 100 മീറ്റർ 11 kV ലൈൻ വലിച്ച് 100 kVA ട്രാൻസ്ഫോമർ (ആനാരി റോഡിൽ) സ്ഥാപിക്കാനുള്ള പ്രവൃത്തി പുരോഗമിക്കുന്നു. പള്ളം ഡിവിഷന് കീഴിലുള്ള പള്ളം പുഞ്ച സെക്ഷനിലെ വൈദ്യുതിതടസ്സം ഒഴിവാക്കാൻ ആർ ബ്ലോക്കിൽ നിലവിലുള്ള 11 കെ.വി. ഓവർഹെഡ് ലൈനുകൾ, കവചിത കണ്ടക്ടർ ഉപയോഗിച്ച് മാറ്റുന്ന ജോലി പുരോഗമിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly